പരിശോധിച്ച് അനുയോജ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കു ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളിലൂടെ നൽകുകയുണ്ടായിട്ടുണ്ട്. അതുപോലെ സർക്കാരും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും തമ്മിലുള്ള കരാറിന് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. സർക്കാരിന് ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

വയനാട് ജില്ലയിൽ മോഡൽ കോളേജ്

74 (3825) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മോഡൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) മോഡൽ കോളേജ് ജില്ലയിൽ എവിടെ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) ഇന്നത്തെ നിലയ്ക്ക് കോളേജിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് അനുമതിയൊന്നും ലഭിച്ചിട്ടില്ല.

(സി) മോഡൽ കോളേജ് വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) മോഡൽ കോളേജ് സ്ഥാപിക്കുവാനാവശ്യമായ അനുയോജ്യമായ സ്ഥലം വയനാട് ജില്ലയിൽ ആദ്യമായി ലഭ്യമാക്കാൻ സന്നദ്ധമായത് മീനങ്ങാടി ഗ്രാമപഞ്ചായത്താണ്. ആയതിനാലാണ് പ്രസ്തുത കോളേജ് ടി പഞ്ചായത്തിൽ സ്ഥാപിക്കാനായി തെരഞ്ഞെടുത്തത്.

(ഇ) യു.ജി.സി.യിൽ നിന്ന് ഇതുസംബന്ധിച്ച് അനുമതി ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

നോൺ ടീച്ചിംഗ് സ്റ്റാഫിന് നിയമന അംഗീകാരം നൽകാൻ നടപടി

75 (3826) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ 1998-ൽ പുതിയതായി അനുവദിച്ച കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതോടൊപ്പം പ്രസ്തുത കോഴ്സുകളോട് അനുബന്ധിച്ച് നിയമനം നൽകിയ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കൂടി നിയമനം അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly